പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6464 — 21/11/2019 ലെ മറുപടി

## സ്കൂളുകളിൽ പഞ്ചിംഗ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനിൽ അക്കര | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിലെ അദ്ധ്യാപകർ സമയക്ലിപ്തത പാലിക്കാത്തതിനാൽ ക്ലാസ്സുകൾ പലപ്പോഴും മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) എങ്കിൽ സംസ്ഥാനത്ത് ഹൈസ്കൂൾ/ഹയർ സെക്കണ്ടറി തലത്തിലുള്ള സ്കൂളുകളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ബി) 30-08-2019 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)5090/2019/പൊ.ഭ.വ പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിനു വേണ്ടി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

144510

1

കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണം - സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ , ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നത് സംബന്ധിച്ച തുടർ നടപടികൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ.(സാധാ)നം.5090/2019/പൊഭവ. തീയതി, തിരുവനന്തപുരം, 30-08-2019.

| | | |
|---|---|---|
| പരാമർശം- | 1) സ.ഉ(പി) നം. 26/2005/ഐ.റ്റി.ഡി, | തീയതി, 24/10/2015 |
| | 2) സ.ഉ(എം.എസ്) 108/18/പൊഭവ, | തീയതി, 18/05/2018 |
| | 3) സ.ഉ(സാധാ) 7637/18/പൊഭവ, | തീയതി, 22/11/2018 |
| | 4) സ.ഉ(സാധാ) 8153/18/പൊഭവ, | തീയതി, 17/12/2018 |
| | 5) സ.ഉ(സാധാ) 77/2019/പൊഭവ | തീയതി, 06/05/2019 |

## ഉത്തരവ്

കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് ബയോമെട്രിക്ക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) നടപ്പിലാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് പരാമർശം 1 പ്രകാരവും ആയത് എപ്രകാരം നടപ്പിലാക്കണമെന്നത് സംബന്ധിച്ച മാർഗ്ഗരേഖ പരാമർശം 4 പ്രകാരവും പുറപ്പെടുവിക്കുകയുണ്ടായി. ഇതിനായി സ്വീകരിക്കേണ്ട തുടർ നടപടികൾ ചുവടെ പറയും പ്രകാരം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) AEBAS മാന്വലിലെ specification പ്രകാരമുള്ളതും UIDAI യുടെ അംഗീകാരമുള്ളതുമായ മെഷീനുകളുടെ ടെണ്ടർ നിർമ്മാതാക്കളിൽ നിന്ന് കെൽട്രോൺ ക്ഷണിക്കേണ്ടതാണ്.

2) മെഷീനുകൾ ടെണ്ടർ ചെയ്യുന്നതിനുള്ള ടെണ്ടർ ഡോക്യുമെന്റ് അന്തിമമാക്കുന്നതിനും, ഇതിന്റെ സാങ്കേതികവശങ്ങൾ പരിശോധിക്കുന്നതിനും ടെണ്ടർ തുക അന്തിമമാക്കുന്നതിനും പൊതുഭരണ വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും ആയത് പരിശോധിച്ച് പൊതുഭരണ വകുപ്പ് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

3) ടെണ്ടർ ക്ഷണിച്ച് വിവിധ വകുപ്പുകൾക്ക് മെഷീനുകൾ നൽകുന്നതിന് കെൽട്രോണിന് 5% റ്റി.എസ്.പി ചാർജ്ജായി അനുവദിക്കുന്നതാണ്.

4) മെഷീനുകളുടെ സ്ഥാപനവും, പരിപാലനവും കെൽട്രോണിന്റെ ചുമതലയാണ്

5) മെഷീനുകളുടെ വാർഷിക പരിപാലന കരാർ തുക പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരമായിരിക്കേണ്ടതാണ്.

6) AEBAS മാന്വലിൽ നിഷ്കർഷിക്കും പ്രകാരം ഉദ്യോഗസ്ഥരുടെ എണ്ണം കണക്കിലെടുത്ത് 50 ജീവനക്കാർക്ക് ഒരു wall mounted machine , കൂടാതെ 20-ൽ താഴെ ജീവനക്കാർ മാത്രമുള്ള ഓഫീസുകളിൽ കമ്പ്യൂട്ടറിൽ ഘടിപ്പിക്കാവുന്ന തരത്തിലുള്ള Finger print scanning device സ്ഥാപിക്കാവുന്നതാണ്.

7) ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് എല്ലാ ജില്ലകളിലും സാങ്കേതിക സഹായത്തിനായി 2 പേരെ വീതം കെൽട്രോൺ നിയമിക്കേണ്ടതും ആയതിന്റെ

8) സിവിൽ സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന ഓരോ ഓഫീസിനെയും പ്രത്യേകം യൂണിറ്റായി കണക്കാക്കാതെ ഒരൊറ്റ യൂണിറ്റായി കണക്കാക്കേണ്ടതും ടി യൂണിറ്റിൽ 'പഞ്ചിംഗ്' മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് റവന്യൂ വകുപ്പ് വഹിക്കേണ്ടതുമാണ്. മിനി സിവിൽ സ്റ്റേഷൻ, വിവിധ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ഡയറക്ടറേറ്റുകൾ, വികാസ് ഭവൻ പോലുള്ള ഓഫീസ് സമുച്ചയങ്ങളിൽ പഞ്ചിംഗ് സ്ഥാപിക്കുന്നതിന്റെ ഏകോപനം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതും, ആയതിനുള്ള ചെലവ് ടി ഓഫീസിലെ വകുപ്പുമേധാവികൾ ആനുപാതികമായി വഹിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും /എല്ലാ വകുപ്പു മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടെയും മേധാവികൾക്കും
സീനിയർ ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സ്റ്റേറ്റ് സെന്റർ, CDAC ബിൽഡിംഗ്, വെള്ളയമ്പലം, തിരുവനന്തപുരം
സീനിയർ കൺസൾട്ടന്റ്, സ്റ്റേറ്റ് ഗവർണൻസ് മിഷൻ ടീം കേരള സ്റ്റേറ്റ് IT മിഷൻ, വെള്ളയമ്പലം
മാനേജർ, സ്പാർക്ക്, TC 25/3436/(37), ഉപ്പളം റോഡ്, തിരുവനന്തപുരം - 695 001
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ. സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ് , കരകുളം, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്,തൃശ്ശൂർ- 680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്, പൂക്കോട്, വയനാട്
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
പൊതുഭരണ (കമ്പ്യൂട്ടർ സെൽ), (പൊതുഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ